**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2582** **07-07-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി പോസ്റ്റ് വീണ് യുവാവിന്റെ മരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഉപയോഗശൂന്യമായ പോസ്റ്റ് മാറ്റുന്നതിനിടെ പോസ്റ്റ് വീണുണ്ടായ അപകടത്തിൽ ബേപ്പൂർ സ്വദേശി മരിച്ച സംഭവത്തിൽ കുറ്റകരമായ അനാസ്ഥ ജീവനക്കാരുടെ ഭാഗത്തു നിന്ന് ഉണ്ടായോ എന്ന് സർക്കാർ പരിശോധിക്കുമോ; | (എ) | പോസ്റ്റ് വീണ് ബേപ്പൂർ സ്വദേശി മരിച്ച സംഭവത്തിൽ കുറ്റകരമായ അനാസ്ഥ ജീവനക്കാരുടെ ഭാഗത്തു നിന്ന് ഉണ്ടായിട്ടുണ്ടോ എന്നത് പരിശോധിച്ചുവരുന്നു. പ്രസ്തുത സംഭവത്തിൽ രണ്ടു ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി കെ.എസ്.ഇ.ബി.എൽ. സസ്പെൻഡ് ചെയ്തിട്ടുണ്ട്. |
| (ബി) | സംഭവത്തിൽ ആരെങ്കിലും വീഴ്ച വരുത്തിയതായി തെളിഞ്ഞാൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; അറിയിക്കാമോ; | (ബി) | പ്രസ്തുത അപകടം സംഭവിച്ചതുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ ഭാഗത്ത് നിന്നും വീഴ്ച സംഭവിച്ചിട്ടുള്ളതായി അന്വേഷണത്തിൽ കണ്ടെത്തുന്ന പക്ഷം ഉചിത നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | കോഴിക്കോട് വൈദ്യുതി പോസ്റ്റ് വീണ് മരിച്ച ബൈക്ക് യാത്രക്കാരന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ; | (സി) | കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും അപകടം സംഭവിച്ച് മരണപ്പെടുന്ന പൊതുജനം വിഭാഗത്തിൽപ്പെടുന്ന വ്യക്തിയുടെ ആശ്രിതർക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിലവിലുള്ള വൈദ്യുതി സുരക്ഷാ പദ്ധതിയുടെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും ടിയാൻ അപകട സമയം ഓടിച്ചിരുന്ന വാഹനത്തിന്റെ ഇൻഷ്വറൻസ് ക്ലെയിം (MACT) മുഖേന ലഭ്യമാകാനിടയുള്ള നഷ്ടപരിഹാര സാദ്ധ്യതയും കൂടി കണക്കിലെടുത്ത് ആശ്വാസധനസഹായം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്. |
| (ഡി) | മതിയായ സുരക്ഷാ സംവിധാനം ഇല്ലാതെയാണ് പോസ്റ്റ് നീക്കിയതെന്നും, പോസ്റ്റ് മാറ്റുന്നതിനിടെ കെ.എസ്.ഇ.ബി ഉദ്യോഗസ്ഥർ വേണ്ടത്ര ജാഗ്രത പുലർത്തിയില്ലെന്നും ഉദ്യോഗസ്ഥരുടെ അനാസ്ഥയാണ് അപകടത്തിന് കാരണമായതെന്നുമുള്ള ആക്ഷേപം സർക്കാർ പരിശോധിക്കുമോ? | (ഡി) | പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ